# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1782

04/12/2018-ൽ മറുപടിയ്ക്ക്

## മലപ്പുറം ഗവ.വനിതാ കോളേജിൽ തസ്തിക സൃഷ്ടിക്കൽ

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള :

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ഗവ.വനിതാ കോളജിൽ അദ്ധ്യാപക - അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന നടപടികളുടെ പുരോഗതികൾ വിശദീകരിക്കാമോ; | (എ) & (ബി) | മലപ്പുറം ഗവ.വനിതാ കോളേജിൽ പ്രിൻസിപ്പൽ-1, കെമിസ്ട്രി - 1, ഇംഗ്ലീഷ് - 2, ബോട്ടണി - 1, ഇസ്ലാമിക് ഹിസ്റ്ററി - 1 എന്നിങ്ങനെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. എന്നിരുന്നാലും അറ്റൻഡർ, സ്വീപ്പർ, സാനിട്ടേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേയ്ക്ക് കുടുംബശ്രീ യൂണിറ്റ് മുഖാന്തിരം കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നല്കിക്കൊണ്ടും കോളേജിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കായി രണ്ട് ക്ലാർക്കുമാരെ സേവനക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചും ഉത്തരവായിട്ടുണ്ട്. |
| (ബി) | 2015-16 വർഷത്തിൽ ആരംഭിച്ച കോളേജിൽ ഓഫീസ് പ്രവർത്തനങ്ങൾക്കായി ഒരു തസ്തിക പോലും സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത കോളജിലെ എല്ലാ വകുപ്പുകളിലും ഓഫീസിലും ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | മലപ്പുറം ഗവൺമെന്റ് വനിതാ കോളജിൽ ഇംഗ്ലീഷ്, ഇസ്ലാമിക് ഹിസ്റ്ററി, ബോട്ടണി, കെമിസ്ട്രി, ഫിസിക്സ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകളും, മറ്റ് അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**